(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 26 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

ജാതി അടിസ്ഥാനത്തിൽ താഴെ പറയുംപ്രകാരം നിയമനം നൽകിയിരിക്കുന്നു.

നമ്പൂതിരി	1
ക്രിസ്ത്യൻ	2
നായർ	3
വിശ്വകർമ്മ	2
മുക്കുവർ	1
ലാറ്റിൻ	2
ഈഴവ	2
നാടാർ	1
ആശാരി	1
എഴുത്തച്ഛൻ	1
മുസ്ലീം	3
തീയ്യ	2
കണക്കൻ	1
പുലയ	3
പായ	1

(ബി) 28(ഇരുപത്തിയെട്ട്) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ട്രെയിനിംഗ് കാലയളവിൽ അടിസ്ഥാന ശമ്പളം

57 (102) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് കോൺസ്റ്റബിൾമാർക്കും ഫയർഫോഴ്സിലെ ഫയർമാൻമാർക്കും ട്രെയിനിംഗ് കാലയളവിൽ അടിസ്ഥാന ശമ്പളം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള ഗവണ്മെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ തീരുമാനം നടപ്പിലായിട്ടുണ്ടോ എന്നുള്ള വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇവർക്ക് ട്രെയിനിംഗ് കാലയളവിൽ സ്റ്റൈപ്പന്റ് നൽകാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥയുണ്ട്. ഇങ്ങനെ സ്റ്റൈപ്പന്റായി നൽകുന്ന തുക കാലാകാലങ്ങളിൽ സർക്കാർ പുതുക്കി നിശ്ചയിക്കാറുണ്ട്. പോലീസ് കോൺസ്റ്റബിൾമാരുടെയും ഫയർമാൻമാരുടെയും സ്റ്റൈപ്പൻഡ് 950/- രൂപയിൽ നിന്ന് 3050/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി)&(സി) മുകളിൽ കൊടുത്തിട്ടുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പേഴ്സണൽ സ്റ്റാഫിനുള്ള പെൻഷൻ പദ്ധതി

58 (103) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ പ്രതിപക്ഷനേതാവ്, ഗവണ്മെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ അംഗങ്ങളായിരുന്നവർക്ക് പെൻഷൻ നൽകുന്ന പദ്ധതിയനുസരിച്ച് 30.11.'99 വരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ അർഹരായ എത്ര അപേക്ഷകർ ഉണ്ട്;

(സി) ഇതിൽ എത്ര അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതിയനുസരിച്ച് പെൻഷനോടൊപ്പം ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടോ;

(ഇ) ക്ഷാമബത്ത ഏതു നിരക്കിൽ നൽകണമെന്ന് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അക്കൗണ്ടൻറ് ജനറലിന്റെ കത്ത് എന്നാണ് ലഭിച്ചത്; അതിന് മറുപടി അയച്ചോ;

(എഫ്)മറുപടി നൽകാത്തതുകൊണ്ട് അർഹരായ അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) 25.11.98 ലെ ജി.ഒ (പി) 3001/98/ഫിൻ നമ്പർ ഉത്തരവനുസരിച്ചിട്ടുള്ള പെൻഷൻ പരിഷ്ക്കരണം ഈ പദ്ധതിക്ക് ബാധകമാക്കുന്നതുൾപ്പെടെയുള്ള തീരുമാനങ്ങൾ പെൻഡിങ്ങായി വച്ചുകൊണ്ട് ഈ പദ്ധതിപ്രകാരം ക്ഷാമബത്ത അനുവദിക്കാമെന്നുള്ള മുൻ തീരുമാനം അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(എച്ച്) അർഹരായ അപേക്ഷകർക്ക് കാലതാമസമില്ലാതെ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി ഇക്കാര്യം അടിയന്തിരമായി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 460 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)&(സി)അർഹരായ ആളുകളുടെ അപേക്ഷ പെൻഷൻ പേയ്മെന്റ് ഓർഡർ പുറപ്പെടുവിക്കുന്നതിലേക്കായി അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ അയച്ച ആദ്യബാച്ചിൽപ്പെട്ട ഒരപേക്ഷയിൽ അക്കൗണ്ടന്റ് ജനറൽ കൂടുതൽ വിശദീകരണം ആവശ്യപ്പെടുകയുണ്ടായി. ഈ വിശദീകരണം നൽകാൻ സത്വര നടപടികൾ കൈക്കൊണ്ടു വരിക

LIBRARY ARCHIVES Kerala Legislative Assembly